**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5475

25.10.11 ലെ മറുപടിക്ക്

# ലാന്റ് അക്വിസിഷന് പുതിയ തസ്തികകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. റ്റി.യു.കുരുവിള** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(റവന്യൂ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷമതകൾ പരിഹരിക്കുന്നതിന് ലാന്റ് അക്വിസിഷന് വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷമതകൾ പരിഹരിക്കുന്നതിന് ആവശ്യമനുസരിച്ച് ലാന്റ് അക്വിസിഷനു വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാറുണ്ട്. |
| (സി) ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസും, അതാത് കളക്ടറേറ്റുകളിലെ ലാന്റ് അക്വസിഷൻ വിഭാഗവും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി തീർക്കുവാൻ നടപടി സ്വീകരിക്കുമോ ; | സി) | ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിലെയും ജില്ലാ കളക്ടറേറ്റുകളിലെയും പൊന്നുംവില വിഭാഗങ്ങൾ തമ്മിൽ ശരിയായ കോ-ഓർഡിനേഷനോടു കൂടിയാണ് പ്രവർത്തിച്ചു വരുന്നത്. ലാന്റ് അക്വസിഷൻ നടപടികൾ സമയബന്ധിതമായി തീർക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും വിവിധ ജില്ലകളിലെ ലാന്റ് അക്വിസിഷൻ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. |
| (ഡി) ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സംസ്ഥാനത്ത് കാലാകാലങ്ങളായി നിലനിൽക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (ഡി) | സംസ്ഥാനത്ത് വികസനാവശ്യത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ പരാതികൾ ഉണ്ടാകാറുണ്ട്. ഭൂമിയുടെ മേലുള്ള അവകാശ തർക്കം, നഷ്ടപരിഹാരം, വിസ്തീർണ്ണ വ്യത്യാസം എന്നീ പരാതികളിൽ ജില്ലാ കളക്ടർക്ക് തീർക്കാൻ കഴിയാത്തത് കോടതി വഴി പരിഹാരത്തിന് ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ